# KSRTC ബസുകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള കൺസെഷന് ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ:

- www.concessionksrtc.com എന്ന വെബ് സൈറ്റിൽ പ്രവേശിക്കുക.
- വലതു വശത്തു കാണുന്ന School Student Registration എന്ന ടാബ് ക്ലിക്ക് ചെയ്യുക.
- ടി പേജിൽ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും തെറ്റ് കൂടാതെ രേഖപ്പെടുത്തുക.
- വിദ്യാർത്ഥിയുടെ ഫോട്ടോ, സ്കൂൾ ഐഡി കാർഡിന്റെ ഫോട്ടോ തുടങ്ങിയവ നിർദിഷ്ട മാനദണ്ഡ പ്രകാരം അപ്‌ലോഡ് ചെയ്യണം.
- അപേക്ഷ വിജയകരമായി പൂർത്തിയായാൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് നൽകിയിരുന്ന മൊബൈലിൽ SMS ലഭിക്കുന്നതാണ്.
- വിദ്യാർത്ഥികളുടെ അപേക്ഷ ട്രാക്ക് ചെയ്യുന്നതിനായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് നൽകിയിരിക്കുന്ന Login Id, Password ഉപയോഗിച്ച് വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് പരിശോധിക്കാവുന്നതാണ്.
- പ്രസ്തുത അപേക്ഷ സ്കൂൾ അധികൃതർ പരിശോധിച്ച് അംഗീകരിച്ച് കഴിഞ്ഞാൽ തുടർന്ന് കെഎസ്ആർടിസി അപേക്ഷ പരിശോധിച്ച് അംഗീകാരം നൽകുന്നതാണ്. അപേക്ഷ അംഗീകരിച്ചു കഴിഞ്ഞാൽ അടക്കേണ്ട തുക സംബന്ധിച്ച വിവരം SMS മുഖേന ബന്ധപ്പെട്ട വിദ്യാർത്ഥിയെ അറിയിക്കുന്നതാണ്. തുക അടക്കേണ്ട നിർദ്ദേശം ലഭ്യമായാൽ ഉടൻ തന്നെ വിദ്യാർത്ഥിയുടെ ലോഗിൻ നിന്ന് കൊണ്ട് ഓൺലൈൻ payment ഓപ്ഷൻ ഉപയോഗിച്ച് തുക അടയ്ക്കേണ്ടതാണ്.
- തുടർന്ന് കെഎസ്ആർടിസിയിൽ നിന്നും കൺസെഷൻ കാർഡ് കൈപ്പറ്റേണ്ട തീയതിയും സമയവും SMS മുഖേന അറിയിക്കുന്നതാണ്. അറിയിപ്പ് ലഭിക്കുമ്പോൾ വിദ്യാർത്ഥിയുടെ തിരിച്ചറിയൽ കാർഡും, <u>ഒരു കാർഡിന് രണ്ട് PASSPORT SIZE ഫോട്ടോ</u> എന്നിവയുമായി ബന്ധപ്പെട്ട ഡിപ്പോയിലെത്തി കൺസെഷൻ കാർഡ് കൈപ്പറ്റേണ്ടതാണ്.
- ഏതെങ്കിലും കാരണവശാൽ അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ എന്ത് കാരണത്താലാണ് നിരസിച്ചതെന്നും അറിയാവുന്നതാണ്. അപേക്ഷ നിരസിച്ചതിനെതിരെ അപ്പീൽ നൽകുവാനായി പ്രസ്തുത വെബ്സൈറ്റിൽ തന്നെ Appeal Applications എന്ന ടാബ് ഉപയോഗിച്ച് അപ്പീൽ നൽകാവുന്നതാണ്. KSRTC യിലെ ഉന്നത ഉദ്യോഗസ്ഥൻ ഇത് പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.